സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് ഓഫീസ്, ശബരിമല

## ഓപ്പൺ ടെന്റർ പരസ്യം

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1199 ലെ നിറപുത്തരി, ചിങ്ങമാസപൂജ, ഓണംപൂജ, കന്നിമാസപൂജ, തുലാംമാസപൂജ, ചിത്തിരആട്ടവിശേഷ കാലയളവുകളിലെ തിരുനടതുറക്കുന്ന ദിവസങ്ങളിൽ കൊല്ലവർഷം 1199 ശബരിമല കുത്തക ലേലവുമായി ബന്ധപ്പെട്ട് DB ROC. 04/23/ശബ (കുത്തക) Dated 07/08/2023) പ്രസിദ്ധീകരിച്ച കുത്തക ഷെഡ്യൂളിലെ **ക്രമനമ്പർ - 5 -** ***ശബരിമലയിൽ അയ്യപ്പൻമാർക്ക് നടയ്ക്കു വയ്ക്കുന്നതിന് ആവശ്യമായ സ്വർണ്ണം വെള്ളി നേർച്ച സാധനങ്ങൾ വിൽക്കുന്നതുൾപ്പെടുത്തിയിട്ടുള്ളതാണ്.ശബരിമലയിൽ കോൺക്രീറ്റ് നടപ്പന്തലിന്റെ വടക്ക് ഭാഗത്ത് നിലവിലുള്ള കുത്തകയുടെ എതിർവശം ഒഴിഞ്ഞുകിടക്കുന്ന 10 x 4 മീറ്റർ വരുന്ന ഭാഗം ടി. കുത്തകയ്ക്ക് ഉപയോഗിക്കാവുന്നതാകുന്നു. സ്വർണ്ണം, വെള്ളി വകകൾ നല്ല മാറ്റിലുള്ളതായിരിക്കണം. ഇതിലേക്ക് കുത്തകക്കാരൻ ആവശ്യമായ ലൈസൻസ് സ്വന്തമായി വാങ്ങിയിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും അയ്യപ്പചക്രം വിൽപ്പന നടത്തുവാൻ പാടുള്ളതല്ല. സ്വർണ്ണം, വെള്ളി, നേർച്ച സാധനങ്ങളും, ഓട്, പിത്തള വിളക്കുകൾ, മണി, പെന്റന്റ്/ലോക്കറ്റുകൾ, മോതിരം, ഫോട്ടോ, മാല എന്നിവ വിൽപ്പന നടത്താവുന്നതാണ്. (പാത്രങ്ങൾ വിൽപ്പന നടത്താവുന്നതാണ്).*** **09-08-2024ന് രാവിലെ 11.00 ന് എക്സിക്യൂട്ടീവ് ആഫീസ്, പത്തനംതിട്ട വച്ച് ഓപ്പൺ ടെന്റർ നടത്തുന്നു.**

# ടെന്റർ നിബന്ധനകൾ

1. ടെന്ററിൽ പങ്കെടുക്കുന്നവർ 09-08-2024ന് രാവിലെ 11.00 മണിയ്ക്ക് മുൻപായി ലേലഹാളിൽ നിർബന്ധമായും പ്രവേശിക്കേണ്ടതാണ് കൂടാതെ ഇ.എം.ഡി. (നിരതദ്രവ്യം) ആയി 60,000/- (ആറുപതിനായിരം) രൂപ ക്യാഷ്/ഡിഡി ലേലഹാളിൽ കെട്ടിവയ്ക്കേണ്ടതുമാണ്.

2. അടിസ്ഥാനലേലത്തുക 6,00,000/-(ആറ് ലക്ഷം) രൂപ നിശ്ചയിച്ച് ലേലം വിളി ആരംഭിക്കുന്നതാണ്.

3. ലേലം കൊള്ളുന്നവർ ലേലതുക മുഴുവനായും ആയതിന്റെ ജി.എസ്.ടി. തുക എന്നിവ ഒന്നാകെ ലേലഹാളിൽ അന്നേദിവസം തന്നെ ഒടുക്കുവരുത്തി കുത്തക അവകാശം നേടേണ്ടതാണ്.

4. കുത്തക സംബന്ധിച്ച് അന്തിമ തീരുമാനം ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടേതായിരിക്കും.

5. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശബരിമല 1199 എം.ഇ. കുത്തകലേലവുമായി ബന്ധപ്പെട്ട മറ്റ് നിബന്ധനകളും / സ്പെഷ്യൽ നിബന്ധനകളും ടി. ഓപ്പൺടെന്ററിനും ബാധകമായിരിക്കും.

എക്സിക്യൂട്ടീവ് ഓഫീസർ
ശബരിമല

ഇ.ഒ.പി. 196/2023/ശബ.(ക്രമ-5)
02-08-2024